4051
9/4/15

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - ഐസിഡിഎസ് മിഷൻ-വയനാട് ജില്ലയിലെ 2 പഞ്ചായത്തുകളിലും ജില്ലയ്ക്കു പുറത്തുള്ള ഒരു പഞ്ചായത്തിലും Tata Institute of Social Science (TISS) ന്റെ സാങ്കേതിക സഹായത്തോടെ രണ്ടാംഘട്ട സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

**സ.ഉ(സാധാ) നം 185 /2015/സാനീവ** **തീയതി, തിരുവനന്തപുരം , 27.03.2015**

---

പരാമർശം : 1) സ.ഉ(സാധാ)നം. 471/13/സാനീവ തീയതി 20.09.2013

2) സ.ഉ(സാധാ)നം. 582/13/സാനീവ തീയതി 20.11.2013

3) സാമൂഹ്യനീതി ഡയറക്ടറുടെ 15.11.2014 ലെ ഐസിഡിഎസ്.ബി1-322431/13 നമ്പർ കത്ത്.

**ഉത്തരവ്**

വയനാട് ജില്ലയിലെ തിരുനെല്ലി ഗ്രാമപഞ്ചായത്തിൽ ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ്സിന്റെ സാങ്കേതിക സഹായത്തോടുകൂടി സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനായി പരാമർശ ഉത്തരവുകൾ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ഇപ്പോൾ TISS കേരളാ ഘടകം അസിസ്റ്റന്റ് പ്രൊഫസർ രണ്ടാം ഘട്ടമായി വയനാട് ജില്ലയിലെ രണ്ട് ഗ്രാമപഞ്ചായത്തിലും വയനാട് ജില്ലയ്ക്കു പുറത്തുള്ള ഒരു പഞ്ചായത്തിലും സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനായുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടെന്നും രണ്ടാം ഘട്ടത്തിൽ അങ്കണവാടി വർക്കർ, ഹെൽപ്പർ എന്നിവരുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും അഡോളസന്റ് ക്ലബ്ബുകളുടെ പ്രവർത്തനം ശക്തമാക്കുന്നതിനും ജനപങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും മോണിറ്ററിംഗ് ഇവാല്യുവേഷൻ കമ്മിറ്റികൾ രൂപീകരിക്കുന്നതിനും ഫീൽഡ് തല പ്രവർത്തനങ്ങൾക്ക് വിദഗ്ധരായവരുടെ പങ്കാളിത്തം ഉറപ്പു വരുത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ടെന്നും സാമൂഹ്യനീതി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഒരു വർഷം കാലാവധിയുള്ള ടി പദ്ധതി നടപ്പിലാക്കുവാൻ 56,17,920/- രൂപ ചെലവ് പ്രതീക്ഷിക്കുന്നുണ്ടെന്നും ആയത് നടപ്പു സാമ്പത്തിക വർഷത്തെ '2235-02-102-98(P)-34(OC)' ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകണമെന്നും പരാമർശം (3) ലെ കത്ത് പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ്സിന്റെ സാങ്കേതിക സഹായത്തോടുകൂടി വയനാട് ജില്ലയിലെ രണ്ട് ഗ്രാമപഞ്ചായത്തിലും വയനാട് ജില്ലയ്ക്ക് പുറത്തുള്ള ഒരു പഞ്ചായത്തിലും സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് ഭരണാമുനതി നൽകിയും ഇതിനാവശ്യമായ 56,17,920/- രൂപ (അൻപത്തിയാറ് ലക്ഷത്തി പതിനേഴായിരത്തി തൊള്ളായിരത്തി ഇരുപത് രൂപ മാത്രം) നടപ്പു സാമ്പത്തിക വർഷത്തെ ഐസിഡിഎസ് പദ്ധതിയുടെ നടത്തിപ്പിനായി വകയിരുത്തിയിട്ടുള്ള '2235-02-102-98(P)-34(OC)' ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകിയും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
കെ.എം.ലീലാമണി.
അഡീഷണൽ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (03.03.2015 ലെ 105714/ww2/14/Fin. പ്രകാരം)
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
സാമൂഹ്യനീതി(എ) വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ